പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പട്ടികജാതി വിഭാഗക്കാർക്കായി നടപ്പാക്കുന്ന പദ്ധതികൾ ഏകീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിരുന്നു. ആയത് ഫലപ്രദമാണോയെന്ന വിഷയം പരിശോധിച്ചു വരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും നടപ്പാക്കുന്ന പദ്ധതികൾ ഏകീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

കലാസമിതികൾക്കും കലാകാരന്മാർക്കും സാമ്പത്തിക സഹായം

69(5516) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പ് മുഖേന കലാസമിതികൾക്കോ കലാകാരന്മാർക്കോ സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ?

പട്ടികജാതി വികസനവകുപ്പ് മുഖേന കലാസമിതികൾക്കോ കലാകാരൻമാർക്കോ നിലവിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

70(5517) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ,പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി 2016 മുതൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

KAICO, ജില്ലാ നിർമ്മിതി കേന്ദ്രം എന്നിവയാണ് നിർവ്വഹണ ഏജൻസികൾ .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വ്യക്തമാക്കുമോ;

&

(ഇ) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി&ഇ) പദ്ധതി മാനദണ്ഡപ്രകാരം ആറുമാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ആലപ്പുഴ ജില്ലയിലെ പ്രളയവും കോവിഡ് സാഹചര്യവുംമൂലം പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചില്ല. പല പദ്ധതികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നിട്ടുണ്ട്. പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ബ്ലോക്കുതല ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗോത്രസംരംഭകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്ന പദ്ധതി

71(5518) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗോത്രസംരംഭകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ വില്പന ശൃംഖല വഴി ലഭ്യമാക്കുന്ന പദ്ധതിയിൽ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഓൺലൈൻ വിൽപ്പന ശൃംഖല വഴി വിറ്റഴിക്കുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടില്ല.

പട്ടികജാതി കോളനികളിലെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള നടപടികൾ

72(5519) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിലെ ജീവിതനിലവാരം മെച്ചപ്പെടുത്താനും ഭൗതിക സാഹചര്യങ്ങളൊരുക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly